**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**4858**

26/06/2019-ൽ മറുപടിയ്ക്ക്

# യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിനിയുടെ ആത്മഹത്യാശ്രമം

**ചോദ്യം**

ഡോ.എം.കെ.മുനീർ

**മറുപടി**

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് കഴിഞ്ഞ അഞ്ച് വർഷകാലയളവിനുള്ളിൽ ഡിഗ്രി പഠനം പൂർത്തീകരിക്കാതെ എത്ര വിദ്യാർത്ഥികൾ വിടുതൽ വാങ്ങിയിട്ടുണ്ട് എന്നറിയിക്കാമോ; | (എ) | 187 വിദ്യാർത്ഥികൾ. |
| (ബി) | അവർ പഠനം പൂർത്തീകരിക്കാതെ പോയത് എന്തെല്ലാം കാരണങ്ങളാലാണെന്ന് വ്യക്തമാക്കാമോ; | (ബി) | മറ്റ് കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുകയോ, ജോലി കിട്ടുകയോ, വീട്ടിലെ സാഹചര്യങ്ങൾ കാരണമോ ആണ് പഠനം പൂർത്തിയാക്കാതെ വിദ്യാർത്ഥികൾ ടി.സി വാങ്ങി പോകുന്നത് എന്നാണ് പൊതുവേ കണ്ടിട്ടുള്ളത്. |
| (സി) | ഈ വർഷം യൂണിവേഴ്സിറ്റി കോളേജിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ചത് സംബന്ധിച്ച് ഏതൊക്കെ അന്വേഷണ റിപ്പോർട്ടുകളാണ് ലഭ്യമായിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | കോളേജ് കൗൺസിൽ നിയോഗിച്ച അന്വേഷണ കമ്മീഷൻ നടത്തിയ അന്വേഷണ റിപ്പോർട്ട് കോളേജ് പ്രിൻസിപ്പാൾ ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിനിയുടെ ആത്മഹത്യ ശ്രമവുമായി ബന്ധപ്പെട്ട് വിവിധ തല അന്വേഷണ റിപ്പോർട്ടുകളിന്മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | ആത്മഹത്യയ്ക്ക് ശ്രമിച്ച വിദ്യാർത്ഥിനിയുടെയും കോളേജിലെ മറ്റു വിദ്യാർത്ഥികളുടെയും മൊഴി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ ബയോ മെട്രിക് അറ്റൻഡൻസ് പരിശോധിയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൃത്യവിലോപം തെളിഞ്ഞ കേസുകളിൽ അദ്ധ്യാപകർക്ക് സ്ഥലംമാറ്റവും മറ്റുള്ളവർക്ക് കാരണംകാണിക്കൽ മെമ്മോയും നല്കി നടപടി സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് നേരിട്ട് പരാതി സമർപ്പിക്കാവുന്ന ' Higher Education Minister' s Students Grievance Redressal Portal' വകുപ്പ് തുടങ്ങിയിട്ടുണ്ട്. കോളേജ് യൂണിയൻ ഓഫീസ് മുറി പ്രിൻസിപ്പാൾ പൂട്ടിയെടുത്ത് താക്കോൽ പ്രിൻസിപ്പാളിന്റെ കൈവശം സൂക്ഷിക്കുന്നുണ്ട്. പ്രസ്തുത വിദ്യാർത്ഥിനിയുടെ മൊഴി യൂണിവേഴ്സിറ്റി കോളേജിലെ ആന്റി റാഗിംങ് സെല്ലിന് മേൽ നടപടികൾക്കായി കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

<u>റിപ്പോർട്ട്</u>

03/05/2019 വെള്ളിയാഴ്ച രാവിലെ കോളേജിൽ കേരള എൻജിനീയറിംഗ് പ്രവേശന പരീക്ഷക്കായി വിദ്യാർത്ഥികൾ എത്തിയിരുന്നു. രാവിലെ ഏഴു മണിക്ക് ലേഡീസ് വെയിറ്റിംഗ് റൂം കുട്ടികളുടെ ഉപയോഗത്തിനായി തുറന്നിട്ടിരുന്നു. പരീക്ഷാ ഡ്യൂട്ടിയിൽ ധാരാളം പോലീസുകാർ ഉണ്ടായിരുന്നു. ഒൻപതു മണിയോടെ കാമ്പസിലേക്ക് ഒരു ആംബുലൻസെത്തി. വിവരം അന്വേഷിച്ചപ്പോൾ ലേഡീസ് വെയിറ്റിംഗ് റൂമിൽ ഒരു കുട്ടി ബോധരഹിതയായി കിടക്കുന്നതായി കുട്ടികൾ ആരോ പോലീസുകാരോട് പറഞ്ഞതനുസരിച്ച് അവർ വിളിച്ചതാണെന്നറിഞ്ഞു. താഴെ എത്തിയപ്പോഴേക്കും ആംബുലൻസ് പോയിരുന്നു. പോലീസുകാർ കുട്ടിയുടെ കൈയിലുണ്ടായിരുന്ന ബാഗ് പരിശോധിച്ച് കിട്ടിയ കടലാസിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് അന്വേഷിച്ചപ്പോൾ ഒന്നാം വർഷ കെമിസ്ട്രി ബിരുദ ക്ലാസ്സ് വിദ്യാർത്ഥിനിയായ നിഖില സജിത് ആണെന്നും ആറ്റിങ്ങൽ സ്വദേശിനിയാണെന്നും മനസിലായി. കുട്ടിയുടെ കൈയിൽ രക്തം കണ്ടതായി പോലീസുകാർ പറഞ്ഞിരുന്നു. മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകുന്നതായും പറഞ്ഞു. കെമിസ്ട്രി വകുപ്പു മേധാവിയും മറ്റൊരധ്യാപികയും ഉടനെ മെഡിക്കൽ കോളേജിലെത്തി. കുട്ടി ക്ഷീണിതയായതിനാൽ സംസാരിക്കുന്നത് പോലീസ് വിലക്കി. രക്ഷാകർത്താക്കളുമായി സംസാരിക്കുകയും കുട്ടിയ്ക്ക് ഗൗരവമായ കുഴപ്പങ്ങളില്ലെന്ന് അറിയുകയും ചെയ്ത് മടങ്ങിപ്പോന്നു.

തുടർന്ന് പത്രത്തിലും മറ്റു മാധ്യമങ്ങളിലും ആത്മഹത്യാശ്രമമെന്ന വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടു. കുട്ടിക്ക് കോളേജിൽ പഠന സംബന്ധമായി ബുദ്ധിമുട്ടുണ്ടായെന്നും പരാതിപ്പെട്ടിരുന്നെന്നും വാർത്തകളിൽ കണ്ടു. അന്വേഷിച്ചതിൽ കുട്ടിയെ ആശുപത്രിയിൽ നിന്നും ഇന്നലെ തന്നെ ഡിസ്ചാർജ്ജ് ചെയ്തെന്നും എന്നാൽ അപ്പോഴത്തെ മാനസികാവസ്ഥയിൽ കുട്ടിയോട് നേരിട്ട് സംസാരിക്കാൻ കഴിയില്ലെന്നും ബന്ധുക്കളിൽ നിന്ന് മനസിലാക്കി. തലേന്നു വൈകുന്നേരം വീട്ടിൽ ചെന്നിട്ടില്ലെന്നും കുട്ടിയെ അമ്മ ഫോണിൽ ബന്ധപ്പെട്ടപ്പോൾ യൂണിവേഴ്സിറ്റി ലൈബ്രറിയിലാണെന്നു പറഞ്ഞിരുന്നതായും പോലീസിൽ പരാതിപ്പെട്ടിരുന്നെന്നും അറിഞ്ഞു. എന്നാൽ ആത്മഹത്യാശ്രമമൊന്നും ഉണ്ടായിട്ടില്ലെന്നാണ് കുട്ടിയുടെ അമ്മയും ബന്ധുക്കളും പറഞ്ഞത്.

വകുപ്പ് മേധാവിയോടും അധ്യാപകരോടും അന്വേഷിച്ചതിൽ കഴിഞ്ഞ ദിവസങ്ങളിലൊന്നും കോളേജിൽ ഈ കുട്ടിക്ക് ക്ലാസ്സുണ്ടായിരുന്നില്ലെന്നും മനസിലായി. കുട്ടി ഡിപ്പാർട്ടുമെന്റിലോ പ്രിൻസിപ്പാളിനോ പരാതിയൊന്നും തന്നതായി കാണുന്നില്ല. ബഹുമാനപ്പെട്ട കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെത്തി അന്വേഷിച്ചു. കോളേജിൽ നിന്നും സംഭവം റിപ്പോർട്ട് ചെയ്തുള്ള അറിയിപ്പല്ലാതെ മറ്റു വിവരങ്ങളൊന്നുമില്ലെന്നും പത്രറിപ്പോർട്ടുകളിലുള്ള തരത്തിൽ കുറിപ്പുകളൊന്നും ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. അവിടെ ഇക്കാര്യത്തിൽ കേസൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. കുട്ടിയുടെ താമസ സ്ഥലമായ ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ടു. കുട്ടിയുടെ മൊഴിയെടുത്തെന്നും മാനസിക സംഘർഷമല്ലാതെ മറ്റു പരാതിയൊന്നും ഇല്ലെന്നുമാണ് പറഞ്ഞത്. കൂടുതൽ വിവരങ്ങൾ ഉന്നത പോലീസുദ്യോഗസ്ഥരുമായി സംസാരിച്ചാലെ അറിയാൻ കഴിയൂ എന്നറിയിച്ചിട്ടുണ്ട്. മാൻമിസിംഗ് കേസായതിനാൽ ഉടൻ കുട്ടിയെ കോടതിയിൽ ഹാജരാക്കിയ ശേഷം രക്ഷാകർത്താക്കളോടൊപ്പം വിടുമെന്നാണറിയിച്ചിരിക്കുന്നത്. രക്ഷാകർത്താക്കളുമായി ബന്ധപ്പെട്ടപ്പോഴും അത്തരം പരാതികളൊന്നുമില്ലെന്നും കുട്ടി മജിസ്ട്രേറ്റിനു മുമ്പിൽ ഇരിക്കുകയാണെന്നുമാണ് അറിയിച്ചത്. കുട്ടി ചെറിയ സംഘർഷം പോലും താങ്ങാത്ത പ്രകൃതക്കാരിയാണെന്നും പഠന കാര്യങ്ങളിലുള്ള അമിത ശ്രദ്ധമൂലമുള്ള പ്രശ്നങ്ങൾ മാത്രമാണുള്ളതെന്നുമാണ് മനസിലായത്.

കുട്ടിയെ വിട്ടയച്ചശേഷം രക്ഷാകർത്താക്കളുമായി ബന്ധപ്പെട്ട് കുട്ടിയെ നേരിൽ കണ്ട് സംസാരിച്ചാൽ മാത്രമേ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയുകയുള്ളൂ. അതിനുശേഷം പ്രാഥമികമായി എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ വിശദമായ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കാമെന്നു കൂടി അറിയിക്കുന്നു.

**************

UNIVERSITY COLLEGE THIRUVANANTHAPURAM

PRINCIPAL
UNIVERSITY COLLEGE
THIRUVANANTHAPURAM-695034

സെക്ഷൻ ഓഫീസർ

# തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഒന്നാം വർഷ ബി.എസ്.സി കെമിസ്ട്രി വിദ്യാർത്ഥിനി ശ്രീമതി.നിഖില സജിത്തിന്റെ ആത്മഹത്യാശ്രമവുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന പ്രാഥമിക റിപ്പോർട്ട്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഒന്നാം വർഷ ബി.എസ്.സി കെമിസ്ട്രി വിദ്യാർത്ഥിനിയായ കുമാരി.നിഖില സജിത്തിനെ 03.05.2019-ല രാവിലെ ലേഡീസ് വെയിറ്റിംഗ് റൂമിൽ ബോധരഹിതയായി കണ്ടതിനെ തുടർന്ന് പ്രിൻസിപ്പാൾ അന്നേ ദിവസം വൈകുന്നേരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

*''ഈ കോളേജിലെ ഒന്നാം വർഷ രസതന്ത്ര വിഭാഗം വിദ്യാർത്ഥിനയായ കുമാരി.നിഖില സജിത്ത് 03.05.2019-ന് രാവിലെ ലേഡീസ് വെയിറ്റിംഗ് റൂമിൽ ബോധരഹിതയായി കാണപ്പെട്ടു. ഈ കുട്ടിയെ എൻട്രൻസ് പരീക്ഷ നടത്തിപ്പിന് ഹാജരായിരുന്ന പോലീസുകാർ ആശുപത്രിയിൽ എത്തിച്ചിട്ടുള്ളതാണ്. നിർദ്ദേശ പ്രകാരം കെമിസ്ട്രി വിഭാഗം വകുപ്പ് മേധാവി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയിട്ടുള്ളതുമാണ്.*

*02.05.2019-ന് വൈകുന്നേരം 6 മണിയ്ക്ക് നൈറ്റ് വാച്ച്മാൻ എല്ലാ കെട്ടിടങ്ങളിലെയും മുറികളും പൂട്ടുന്നതിനോടൊപ്പം ലേഡീസ് വെയിറ്റിംഗ് റൂമും പൂട്ടിയിട്ടുള്ളതാണ്. 03.05.2019-ന് രാവിലെ 7 മണിയ്ക്ക് എൻട്രൻസ് പരീക്ഷയുടെ ഭാഗമായി എല്ലാ റൂമും തുറക്കുന്നതിനോടൊപ്പം ലേഡീസ് വെയിറ്റിംഗ് റൂമും തുറന്നിട്ടുള്ളതാണ്. ഉദ്ദേശം രാവിലെ 8.30 മണിയോടുകൂടി ഒരു പെൺകുട്ടി ലേഡീസ് വെയിറ്റിംഗ് റൂമിന്റെ രണ്ടാമത്തെ നിലയിൽ ബോധരഹിതയായി കിടക്കുന്ന വിവരം മറ്റൊരു പെൺകുട്ടി പരീക്ഷാ ഡ്യൂട്ടിയ്ക്ക് ഹാജരായിരുന്ന പോലീസ് ഉദ്യോഗസ്ഥരെ അറിയിക്കുകയും, ഉടനെ പോലീസ് സഹായത്തോടുകൂടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്. അന്വേഷണത്തിൽ ഈ കുട്ടി ഈ കോളേജിലെ ഒന്നാം വർഷ ബി.എസ്.സി കെമിസ്ട്രി വിദ്യാർത്ഥിനിയായ നിഖില സജിത്താണെന്ന് മനസ്സിലാക്കിയിട്ടുള്ളതുമാണ്. ടി വിവരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ അറിയിച്ചിട്ടുള്ളതുമാണ്''.*

ഇതിനെതുടർന്ന് 04.05.2019-ൽ ഡിസ്ചാർജ്ജ് ചെയ്യപ്പെട്ട കുമാരി.നിഖില സജിത്തിനെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശാനുസരണം കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ശ്രീമതി.അജിത.പി.എസ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി.ഷുജ.ആർ, സീനിയർ സൂപ്രണ്ട് ശ്രീ.ഗിരീശൻ എന്നിവർ കണ്ട് മൊഴിയെടുക്കുകയും അതിനെ തുടർന്ന് കോളേജിലെ പ്രിൻസിപ്പാളിനോടും വകുപ്പ് മേധാവിയോടും അന്വേഷിക്കുകയും ചെയ്തതിൽ നിന്നുള്ള പ്രാഥമിക നിഗമനങ്ങൾ താഴെ ചേർക്കുന്നു.

ദേശീയ തലത്തിലെ NIRF റാങ്കിങ്ങിൽ കേരളത്തിൽ നിന്ന് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ കെമിസ്ട്രി വിഭാഗത്തിലേയ്ക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിനിയാണ് കുമാരി നിഖില സജിത്ത്. Plus Two-ന് എല്ലാ വിഷയത്തിലും A+ ഓടു കൂടി $^{1176}/_{1200}$ മാർക്ക് നേടിയാണ് നിഖില സജിത്ത് കോളേജിൽ പ്രവേശിക്കുന്നത്. ആറ്റിങ്ങൽ ആലംകോട് നിവാസിയായിട്ടും ഒരു മണിക്കൂറിലേറെ യാത്രയുണ്ടായിട്ടും സമീപത്തെ കോളേജിൽ അഡ്മിഷൻ എടുക്കാതെ യൂണിവേഴ്സിറ്റി കോളേജിൽ പ്രവേശനം നേടിയത് കോളേജിന്റെ ഉന്നത വിദ്യാഭ്യാസ നിലവാരത്തിനോടും പഠനത്തിനോടും ഉള്ള അതിയായ താത്പര്യംകൊണ്ടാണെന്ന് മനസ്സിലാക്കുന്നു. ഈ കുട്ടിയോട് സംസാരിച്ചതിൽ നിന്നും ഇത്രയും ദൂരം യാത്രചെയ്ത് കോളേജിൽ നിന്ന് വന്നതിന് ശേഷം സ്കൂൾ കുട്ടികൾക്ക് ട്യൂഷൻ എടുത്ത് ബാക്കി സമയമാണ് പഠനത്തിനായി നീക്കി വയ്ക്കാൻ കഴിയുന്നതെന്ന് അറിയിക്കുന്നു. എന്നിട്ടും മാർക്ക് പ്രസിദ്ധീകരിച്ചിട്ടുള്ള ഒന്നാം സെമസ്റ്റർ ഇന്റേണൽ പരീക്ഷകൾക്ക് 95%ത്തിലേറെ മിക്ക വിഷയങ്ങൾക്കും കരസ്ഥമാക്കിയിട്ടുള്ളതായി കാണുന്നു. അദ്ധ്യാപകരോട് അന്വേഷിച്ചതിൽ നിന്നും പഠിക്കാൻ മിടുക്കിയായ വിദ്യാർത്ഥിനിയാണ് ശ്രീമതി.നിഖില സജിത്ത് എന്ന് ശരിവയ്ക്കുന്നുണ്ട്. കോളേജിൽ സബ്ജക്ട് വിഷയങ്ങൾ നല്ല രീതിയിലാണ് പഠിപ്പിക്കുന്നതെന്നും എന്നാൽ ലാംഗ്വേജ് വിഷയങ്ങൾ അത്ര തന്നെ നല്ല രീതിയിൽ അല്ല പഠിപ്പിക്കുന്നതെന്നും കുട്ടിയിൽ നിന്നും വിവരം ലഭിച്ചു. ടി വിദ്യാർത്ഥിനിയെ ആത്മഹത്യാ ശ്രമത്തിലേയ്ക്ക് നയിച്ച വിഷയത്തെ സംബന്ധിച്ച് ടിയാളുടെ മൊഴിയിൽ നിന്ന് ഇങ്ങനെ മനസ്സിലാക്കുന്നു.

കോളേജ് യൂണിയനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജനാധിപത്യ പരമല്ലാത്ത വിധത്തിൽ നടന്നു വരുന്നതായി അറിയാൻ കഴിഞ്ഞു. വിദ്യാർത്ഥികളുടെ സമ്മതമോ താത്പര്യമോ ഇല്ലാതെ നിർബന്ധ പൂർവ്വം യൂണിയനുമായി ബന്ധപ്പെട്ട പ്രോഗ്രാമുകളിൽ ക്ലാസ്സ് നടന്നുകൊണ്ടിരിക്കുമ്പോൾ പോലും ശാരീരികമായ അവശതകൾ കണക്കാക്കാതെ വിളിച്ചുകൊണ്ടു പോകുന്ന പ്രവണത ഉണ്ട്. ഇത്തരം വിഷയങ്ങളിൽ അദ്ധ്യാപകർക്ക് കാഴ്ചക്കാരായി നിൽക്കുന്നതിനേ കഴിയുന്നുള്ളൂ. നിർബന്ധിച്ച് പ്രോഗ്രാമുകളിലും സെക്രട്ടറിയേറ്റിന്റെയും സർവ്വകാലാശാലയുടെയും മുന്നിൽ നടക്കുന്ന ധർണ്ണകളിലും പ്രതിഷേധ പ്രകടനങ്ങളിലും നട്ടുച്ചയ്ക്കും വെയിലത്തും റോഡിലിരിക്കുന്നതിന് കുട്ടികളെ നിർബന്ധിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥിനികളുടെ ശാരീരികമായ അവശതകൾ പോലും മാനിക്കാതെ നടത്തുന്ന ഇത്തരം പ്രവണതകൾ നിയന്ത്രിക്കപ്പെടേണ്ടതാണെന്ന് കുട്ടി മൊഴി നൽകുകയുണ്ടായി.

മൂന്നാം വർഷ ഡിഗ്രി പരീക്ഷ മാറ്റിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് യൂണിയന്റെ നേതൃത്വത്തിൽ നടത്തിയ സമരത്തിൽ ടിയാളെയും നിർബന്ധിച്ച് പങ്കെടുപ്പിച്ചതായും ആയതിനാൽ വളരെ വൈകി മാത്രം വീട്ടിൽ എത്തുകയും മൈഗ്രേൻ അസുഖം ഉള്ളതിനാൽ അടുത്ത ദിവസം നടത്തിയ ഫിസിക്സ് പരീക്ഷയുടെ ഇന്റേണൽ പരീക്ഷയിൽ പങ്കെടുക്കുന്നതിന് കുട്ടിക്ക് കഴിഞ്ഞില്ലെന്നും മൊഴി രേഖപ്പെടുത്തുകയുണ്ടായി. കോളേജ് യൂണിയൻ വളരെ മാതൃകാപരമായ രീതിയിൽ വിദ്യാർത്ഥികളുടെ ഇടയിൽ പ്രവർത്തിക്കേണ്ടതാണെന്നും കുട്ടികളുടെ ചികിത്സാസഹായത്തിനായും ആശുപത്രികളിൽ പാവപ്പെട്ടവർക്ക് പൊതിചോറ് സംഘടിപ്പിച്ചു നൽകുന്നതിലുമുള്ള യൂണിയൻ പ്രവർത്തനങ്ങളിൽ കുട്ടി വളരെ മതിപ്പ് രേഖപ്പെടുത്തി മൊഴി നൽകുകയും ചെയ്യുകയുണ്ടായി. എന്നാൽ ജനാധിപത്യപരമല്ലാത്ത രീതിയിലും, കുട്ടികളുടെ ശാരീരികമായ അവശതകൾ കണക്കിലെടുക്കാതെയും, വളരെ ദൂരെ നിന്ന് വരുന്ന കുട്ടികളെപോലും യൂണിയൻ പ്രവർത്തനങ്ങളിൽ വളരെയധികം സമയം നിർബന്ധിച്ച് പങ്കെടുപ്പിക്കുന്നതായും മൊഴി നൽകി. ഇത് അവരിൽ കടുത്ത മാനസിക സമ്മർദ്ധം ഉണ്ടാക്കുന്നതായും ഇത്തരം പ്രവണതകളെ ചോദ്യം ചെയ്യുന്നവരെ ഭീഷണിപ്പെടുത്തി നിശബ്ദരാക്കുന്നതിന് ശ്രമിക്കുന്നതായും ആയത് ടിയാളിൽ അത്യന്തം മാനസിക സംഘർഷം ഉണ്ടാക്കുന്നതിന് കാരണമായതായും മൊഴി

രേഖപ്പെടുത്തുകയുണ്ടായി. ഈ പ്രവണതകൾക്കെതിരെ ട്യൂട്ടറോടും വകുപ്പു മേധാവിയോടും പ്രിൻസിപ്പാളിനോടും വാക്കാൽ പരാതിപ്പെട്ടിട്ടും അവർക്കും ഈ സംഭവങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ലാ എന്നും അന്വേഷണത്തിൽ അറിയുന്നു.കോളേജ് യൂണിയൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉണ്ടാകുന്ന ഇടപെടലുകൾ അദ്ധ്യാപകരുടെ നിയന്ത്രണങ്ങൾക്ക് അതീതമാണെന്ന് അദ്ധ്യാപകരുടെ അഭിപ്രായങ്ങളിൽ നിന്നും അനുമാനിക്കേണ്ടതാണ്.

കേരളത്തിലെ ആർട്സ് & സയൻസ് കോളേജുകളിൽ അഖിലേന്ത്യാ തലത്തിൽ കേരളത്തിൽ ഒന്നാമത് റേറ്റിംഗ് ഉള്ള ഈ കലാലയത്തിൽ നാടിന്റെ നാനാ ഭാഗത്തുനിന്നുമുള്ള ഏറ്റവും സാധാരണക്കാരായ വിദ്യാർത്ഥികൾ ഉൾപ്പെടെ പഠിക്കുന്നുണ്ട്. ഇവരിൽ ഏറെക്കുറെ പേരും സ്വകാര്യ ട്യൂഷനെ ആശ്രയിക്കാത്തവരാണ് അഥവാ അതിന് കഴിയാത്തവരാണ്. പരീക്ഷാ സമ്പ്രദായം സെമസ്റ്റർ അടിസ്ഥാനത്തിലായതിനാൽ യൂണിയൻ പ്രവർത്തനങ്ങളുടെ ബാഹുല്യവും യാതൊരു വിധത്തിലുള്ള നിയന്ത്രണമില്ലായ്മയും സ്വാഭാവികമായ അക്കാദമിക് പ്രവർത്തനങ്ങളെയും പഠനത്തെയും പ്രതികൂലമായി ബാധിക്കുന്നു എന്നുള്ളതുമാണ് പ്രാഥമിക നിഗമനം. ആയതിനാൽ യൂണിയൻ പ്രവർത്തനങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരണത്തിന് വിധേയമാക്കുകയും വിദ്യാർത്ഥികളുടെ അനുവാദമില്ലാതെയും അവരുടെ ശാരീരിക വൈഷമ്യതകൾ പോലും കണക്കിലെടുക്കാതെയുമുള്ള നിർബന്ധിത പ്രവർത്തനങ്ങൾക്ക് വിധേയമാക്കുന്ന പ്രവണത നിയന്ത്രണവിധേയമാക്കേണ്ടതും അത്യാവശ്യമാണ്. വിദ്യാർത്ഥികളുടെ ഇടയിൽ ഉയർന്ന തലത്തിലുള്ള സംഘടനാബോധം വളർത്തുന്നതിനും കൂടുതൽ ജനാധിപത്യപരമായ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കലാലയങ്ങളുടെ സംഘടനാ പ്രവർത്തനങ്ങൾ വ്യവസ്ഥിതിപ്പെടുത്താനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 2004-ലെ Kerala Students Union v/s Sojan Francis, KHC -യ്ക്ക് വിധേയമായി അടിയന്തിരമായി പുറപ്പെടുവിക്കേണ്ടി ഇരിക്കുന്നു.

കോളേജിന് വെക്കേഷൻ ആയതിനാൽ, നിഖിലയോടും കോളേജ് പ്രിൻസിപ്പാളിനോടും രണ്ട് അദ്ധ്യാപകരോടും അന്വേഷിച്ചാണ് ഈ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഒരു ദിവസംകൊണ്ട് തയ്യാറാക്കിയ റിപ്പോർട്ട് ആയതിനാൽ കോളേജ് യൂണിയന്റെ ഭാഗം കേൾക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ വിശദമായ അന്വേഷണം നടത്താൻ കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറേയും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി.ഷുജ.ആർ, സീനിയർ സൂപ്രണ്ട് ശ്രീ.ഗീരീഷനെയും ചുമതലപ്പെടുത്താവുന്നതാണ്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കോൺഫിഡൻഷ്യൽ മൊഴി രേഖപ്പെടുത്തി യൂണിയൻ പ്രവർത്തനത്തിന്റെ വസ്തുതകൾ വെളിച്ചത്ത് കൊണ്ട് വരേണ്ടതുണ്ട്. 12.10.2015-ലെ 26453/ജി1/15/ഉ.വി.വ ഗവൺമെന്റ് സർക്കുലറിനും മറ്റ് നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കോളേജ് യൂണിയൻ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

രാഷ്ട്രീയം കോളേജുകൾക്ക് അന്യമാകരുത്. പക്ഷേ അത് ജനാധിപത്യ പരമായിരിക്കണം. വിദ്യാർത്ഥികൾക്ക് അവരവരുടെ തീരുമാനങ്ങൾ എടുക്കുവാനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കാതിരിക്കുകയും വേണം.

(ഒപ്പ്/-)

ഹരിത.വി.കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സെക്ഷൻ ഓഫീസർ